(ഡി) അപേക്ഷ ലഭിച്ചിട്ടുണ്ട്. 14-8-2008 നാണ് അപേക്ഷ ലഭിച്ചത്. ഇന്റർ ഡിപ്പാർട്ടുമെന്റ് മാറ്റത്തിന് ലഭിക്കുന്ന അപേക്ഷകൾ യഥാസമയം അതാത് വകുപ്പദ്ധ്യക്ഷന്മാർക്ക് നൽകുകയാണ് ചെയ്യുന്നത്. അപ്രകാരം പ്രസ്തുത അപേക്ഷ 18-8-2008-ലെ എ 6/2592/2008 എന്ന കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർക്ക് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ അയച്ചുകൊടുത്തിട്ടുണ്ട്.

സ്കൂളുകളിൽ ഭാഷാദ്ധ്യാപകർക്ക് കായികാദ്ധ്യാപകരുടെ ജോലി

91 (3001) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷാദ്ധ്യാപകർക്ക് ഏതാനും ദിവസം പ്രത്യേക പരിശീലനം നൽകി സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ ജോലി ചെയ്യിക്കാനും കായികാദ്ധ്യാപകരെ ക്രമേണ സ്കൂളിൽനിന്നും ഒഴിവാക്കാനും സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കായികരംഗത്ത് മെച്ചപ്പെട്ട സംഭാവനകൾ തരാൻ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും നല്ലൊരു കായിക സംസ്കാരം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനും ഭാഷാദ്ധ്യാപകർക്ക് ഏതാനും ദിവസം പരിശീലനം നൽകിയതിനുശേഷം കായികരംഗം അവരെ ഏല്പിക്കുന്നതിലൂടെ സാധ്യമാകുമെന്ന് ഈ സർക്കാർ കരുതുന്നുണ്ടോ ;

(സി) മറ്റ് വിഷയങ്ങളുടെ കാര്യത്തിലും ഇപ്രകാരമുള്ള താല്കാലിക പരിശീലനത്തിലൂടെ അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നുപറയാമോ ?

<u>ഉത്തരം</u>

(എ) ഇല്ല. 5-8-2014-ലെ ഗവൺമെന്റ് കത്ത് നമ്പർ 44373/ഡി2/2014/പൊ.വി.വ പ്രകാരം അദ്ധ്യാപക ബാങ്കിലേയ്ക്ക് മാറ്റുന്ന അദ്ധ്യാപകരെ പാർട്ട് ടൈം കായിക ഇൻസ്ട്രക്ടർമാരായി എസ്.എസ്.എ.യിൽ നിന്ന് ശമ്പളം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)* ഈ നിർദ്ദേശം നടപ്പിലാക്കേണ്ടതില്ല എന്ന് പിന്നീട് തീരുമാനിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു.)*

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദഗ്ധ പരിശീലനം ലഭിച്ച അദ്ധ്യാപകരെയാണ് ഇക്കാര്യത്തിനു നിയോഗിക്കേണ്ടതെന്നാണ് സർക്കാർ കരുതുന്നത്.

(സി) നിലവിൽ ഇല്ല.

തിരുവനന്തപുരം ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ

92 (3002) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ബോണക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ ഓണാവധിക്കുശേഷം തുറന്നു പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവധിക്കുശേഷം എന്നാണ് സ്കൂൾ തുറന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളിൽ നിലവിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ ; അവർ സ്കൂളിൽ അദ്ധ്യയനം നടത്തുന്നുണ്ടോ ;

(സി) സ്കൂൾ തുറന്നുപ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കൂളിലെ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ

93 (3003) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ലെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ LP, UP, HS എന്നിവിടങ്ങളിൽ എത്ര അദ്ധ്യാപകരെയാണ് അധികമെന്ന് കണ്ടെത്തിയിട്ടുള്ളതെന്ന് എയ്ഡഡ്, സർക്കാർ സ്കൂൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly